പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 3543      10. 04. 2013- ലെ മറുപടി

തൊഴിൽ നഷ്ടപ്പെടുന്ന പ്രവാസികളുടെ പ്രശ്നങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. റ്റി. വി. രാജേഷ് | ശ്രീ. കെ. സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി) |
| (എ) പല ഗൾഫ് നാടുകളിലും ജോലിക്ക് സ്വദേശിവൽകരണം വിപുലമാക്കുന്നതോടെ പ്രസ്തുത രാജ്യങ്ങളിൽ തൊഴിൽ നേടിയ മലയാളികൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) സൗദി അറേബ്യയിൽ സ്വദേശിവത്കരണം ശക്തമായി നടപ്പാക്കാൻ തുടങ്ങിയതിനാൽ പ്രവാസി മലയാളി തൊഴിലാളികൾക്ക് വ്യാപകമായി ജോലി നഷ്ടപ്പെട്ടേക്കാം എന്ന മാധ്യമ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ വിഷയത്തെപ്പറ്റിയുള്ള ഔദ്യോഗിക സ്ഥിരീകരണം ഇതുവരെ ലഭിച്ചിട്ടില്ല. |
| (ബി) ഇപ്രകാരം ജോലി നഷ്ടപ്പെട്ട് മടങ്ങി വരുന്നവരെ സഹായിക്കാൻ പ്രവാസികാര്യ വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ? | (ബി) യാത്രാ രേഖകളില്ലാത്ത, നാട്ടിലേക്ക് മടങ്ങാൻ ആഗ്രഹിക്കുന്ന കേരളീയർക്ക് അവരുടെ ഐഡന്റിറ്റി തെളിയിക്കുന്നതിലേയ്ക്കായി ഇത്തരത്തിൽ എംബസ്സി യിൽ അപേക്ഷിച്ചവരുടെ വിവരങ്ങൾ ലഭിച്ചാലുടൻ വിലാസം പരിശോധിച്ച് എല്ലാ കളക്ടർമാരും 24 മണി ക്കൂറിനകം ആവശ്യമായ പരിശോധനകൾ നടത്തി അവരെ തിരിച്ചറിഞ്ഞ് വ്യക്തിയെ സാക്ഷ്യപ്പെടുത്തി എംബസ്സിക്ക് മറുപടി നൽകുന്നതിനുള്ള സംവിധാനം എല്ലാ ജില്ലാ കളക്ട്രേറ്റുകളിലും സർക്കാർ ഏർപ്പെടു ത്തിയിട്ടുണ്ട്. ഇതിനായി ഇതിനകം മലപ്പുറം, കോഴി ക്കോട്, തൃശൂർ, കണ്ണൂർ, കാസർഗോഡ് ജില്ലാ കള ക്ട്രേറ്റുകളിൽ പ്രത്യേക സെൽ രൂപീകരിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാന ത്തിൽ എംബസ്സി നൽകുന്ന എമർജൻസി സർട്ടിഫിക്കറ്റ് ഉപയോഗിച്ച് ഇവർക്ക് നാട്ടിലേക്ക് |

മടങ്ങാവുന്നതാണ്. ഇതിനുപുറമേ സൗദി അറേബ്യയിൽ നിന്നും തിരികെയെത്തുന്ന പ്രവാസി കേരളീയരെ സഹായിക്കുന്നതിനായി മൂന്നു വിമാനത്താവളങ്ങളിലും നോർക്ക വകുപ്പിന്റെ നേതൃത്വത്തിൽ ഹെൽപ് ഡെസ്ക്കുകൾ പ്രവർത്തനം ആരംഭിച്ചു. മാത്രമല്ല നോർക്ക-റൂട്ട്സ് ആസ്ഥാനത്ത് 24 മണിക്കൂറും പ്രവർത്തിക്കുന്ന കോൾ സെന്ററിന്റെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. ഇതിലുപരിയായി എംബസി ഉൾപ്പെടെ എല്ലാ കേന്ദ്രങ്ങൾക്കും അടിയന്തിര സന്ദേശം സംസ്ഥാന സർക്കാരിനു കൈമാറുന്നതിനായി nitaqat2013@norkaroots.net എന്ന ഇ മെയിൽ വിലാസം ആരംഭിച്ചിട്ടുണ്ട്. തിരികെ വന്ന സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന പ്രവാസി മലയാളികൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി മൂലധന സബ്സിഡി നൽകാനുള്ള ഒരു പദ്ധതിയുടെ പ്രാരംഭ ഘട്ടത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ സൗദി അറേബ്യയിലെ ഇപ്പോഴത്തെ പ്രത്യേക സാഹചര്യത്തിന്റെ അടിസ്ഥാനത്തിൽ എല്ലാ ഗൾഫ് രാജ്യങ്ങളിൽ നിന്നും മറ്റ് വിദേശ രാജ്യങ്ങളിൽ നിന്നും തിരികെയെത്തുന്ന പ്രവാസികൾക്ക് സമഗ്രമായ പുനരധിവാസ പദ്ധതികൾ രൂപം നൽകുന്നതിനായി മന്ത്രിമാർ ഉൾപ്പെടുന്ന ഉന്നതതല ക്യാബിനറ്റ് കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്.

സെക്ഷൻ ഓഫീസർ